LIBRARY ARCHIVES Kerala Legislative Assembly

മൃഗശാല ജീവനക്കാരുടെ സുരക്ഷിതത്വം

27 (*117) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ മൃഗശാലകളിൽ അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ജീവനക്കാരൻ മരിക്കാൻ ഇടയായ സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

തിരുവനന്തപുരം മൃഗശാലയിൽ രാജവെമ്പാലയുടെ കടിയേറ്റ് ജീവനക്കാരൻ മരിക്കാൻ ഇടയായ സംഭവത്തെക്കുറിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 859/2021 U/S 174 CrPC നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മൃഗശാലകളിലെ മൃഗങ്ങളുടേയും ജീവനക്കാരുടേയും സുരക്ഷ മുൻനിർത്തി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച് നൽകിയ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിലാണ് കൂടുകൾ പണികഴിപ്പിച്ചിട്ടുള്ളത്. മൃഗങ്ങളുമായി നേരിട്ട് ബന്ധപ്പെടാതെതന്നെ അവയ്ക്ക് തനിയെ മാറി കിടക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയാണ് മിക്ക കൂടുകളും പണികഴിപ്പിച്ചിട്ടുള്ളത്. മൃഗശാലയിലെ മൃഗങ്ങളുടെ സുരക്ഷിതമായ പരിപാലനവുമായി ബന്ധപ്പെട്ട് കീപ്പർമാർക്ക് ഇന്ത്യയിലെ വിവിധ മൃഗശാലകളിൽ സന്ദർശനവും ഒപ്പം പരിശീലനവും തുടർച്ചയായി നൽകി വരുന്നു. കൂടാതെ കേന്ദ്ര മൃഗശാല അതോറിറ്റി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും മൃഗശാലാ കീപ്പർമാർ പങ്കെടുത്തുവരുന്നുണ്ട്. ഇത് തികച്ചും മൃഗശാലാ വിഭാഗത്തിൽതന്നെ തീരുമാനിക്കപ്പെട്ട് കാലാകാലങ്ങളായി കൃത്യമായ രീതിയിൽ നടത്തിവരുന്ന നടപടിക്രമങ്ങളാണ്. ഈ വിഷയത്തിൽ സമഗ്രമായ ഒരന്വേഷണം വിദഗ്ധരുടെ ഒരു സമിതി മുഖാന്തരം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്.